**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി നാളിതുവരെ എത്ര രൂപയുടെ വായ്പ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കമ്പനി രൂപീകൃതമായ 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹിക സുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനി ആകെ 33,191.33 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. പ്രസ്തുത വായ്പയിൽ നിന്ന് കമ്പനി 21,818.04 കോടി രൂപ തിരിച്ചടവ് നടത്തുകയുണ്ടായി. നിലവിൽ 11373.29 കോടി രൂപയാണ് വായ്പയായി അവശേഷിക്കുന്നത്. |
| (ബി) | പ്രസ്തുത കമ്പനി ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളത്; ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്താണ്;വ്യക്തമാക്കാമോ; | (ബി) | കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിവിധ കാലയളവുകളിൽ 6.85% മുതൽ 10.00% വരെയുള്ള നിരക്കുകളിലാണ് വായ്പ എടുത്തിട്ടുള്ളത്. കാലാവധി അവസാനിക്കുന്ന മുറയ്ക്കോ, വായ്പ വിതരണം ചെയ്ത സ്ഥാപനം തിരിച്ചടവ് അവശ്യപ്പെടുന്ന മുറയ്ക്കോ കമ്പനി വായ്പ തിരിച്ചടവ് നടത്തി വരുന്നു. |
| (സി) | പ്രസ്തുത കമ്പനിക്ക് സർക്കാർ ഏതൊക്കെ രീതിയിലുള്ള ധനസഹായങ്ങളാണ് നൽകുന്നത്; നടപ്പ് സാമ്പത്തിക വർഷം ഈ ഇനത്തിൽ വകയിരുത്തിയ തുക, കൈമാറിയ തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-60-102-89-NV ശീർഷകത്തിൽ Assistance to Kerala Social Security Pension Limited എന്ന ആവശ്യത്തിലേക്കായി 9764 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും നാളിതുവരെ 1500 കോടി രൂപ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | പെട്രോളിയം ഉല്പന്നങ്ങൾക്ക് സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഇനത്തിൽ നാളിതുവരെ പിരിഞ്ഞു കിട്ടിയ തുക എത്രയാണ്; ഇതിൽ എത്ര തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട് വിശദാംശം വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ